Draft #4 of File AcD/01/44334/CR/2020 Approved by ASSISTANT REGISTRAR III (ACADEMIC) on 18-Jun-2021 03:28 PM - Page 1

15 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

യോഗ്യത അംഗീകാരം - അണ്ണാമലൈ യൂണിവേഴ്സിറ്റി, തമിഴ്നാട് അവാർഡ് ചെയ്ത Master of Commerce in Accounting & Finance (Distance Education) ബിരുദം മഹാത്മാഗാന്ധി സർവകലാശാലയുടെ Master of Commerce ബിരുദത്തിനു തുല്യമായി അംഗീകരിക്കേണ്ടതില്ലെന്നും എന്നാൽ മഹാത്മാഗാന്ധി സർവകലാശാലയിൽ Master of Commerce അടിസ്ഥാന യോഗ്യതയായി വരുന്ന ഉപരിപഠന കോഴ്സുകൾക്ക് ചേരുന്നതിനുള്ള യോഗ്യതയായി പ്രസ്തുത ബിരുദം അംഗീകരിക്കുവാനും തീരുമാനിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 2751/AC D/2021/എം.ജി.യു　　　　പ്രിയദർശിനി ഹിൽസ്,തീയതി: 18.06.2021

---

*പരാമർശം:*-1) കോഴ്സ് അംഗീകാരത്തിനായി ശ്രീമതി. ജയലക്ഷ്മി V .M, വട്ടക്കാലയിൽ (H). പരിയാരം, മല്ലപ്പള്ളി നൽകിയ അപേക്ഷ

2) മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം. 5922/എസി.ഡി./3/2243/12 തീയതി 05.10.2017.

3) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റെഗുലേഷൻസ് ഫോർ റെക്കഗ്നിഷൻ/ഇക്വലൻസി 2016.

4) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (കോമേഴ്സ് പി.ജി.) അഭിപ്രായം രേഖപ്പെടുത്തി നൽകിയ കത്ത്.

5) ഡീൻ, ഫാക്കൽറ്റി ഓഫ് കോമേഴ്സ് അഭിപ്രായം രേഖപ്പെടുത്തി നൽകിയ 16.01.21 ലെ കത്ത്.

6) 06.03.21 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ ഇനം നം77/ACD/ 01/ 44334/CR/ 2020 (24.05.21 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (21.02 ) ഇനം നം. 01/21.02 /210040 ആയി സമർപ്പിച്ചത്)

**ഉത്തരവ്**

1)ANNAMALAI UNIVERSITY, TAMILNADU അവാർഡ് ചെയ്ത Master of Commerce in ACCOUNTING & FINANCE (Distance Education) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Master of Commerce ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം ലഭിച്ച അപേക്ഷ പരാമർശം (2)ലും (3)ലും നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധിക്കുകയുണ്ടായി.

2) മേൽ വിഷയത്തിൽ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (കോമേഴ്സ് പി.ജി.), ഡീൻ, ഫാക്കൽറ്റി ഓഫ് കോമേഴ്സ് എന്നിവരുടെ വിദഗ്ധാഭിപ്രായം തേടിയിരുന്നു. ബന്ധപ്പെട്ട രേഖകൾ വിശദമായി പരിശോധിച്ചശേഷം മഹാത്മാഗാന്ധി സർവകലാശാല, കോഴ്സുകൾ തമ്മിൽ തുലനപ്പെടുത്തുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ, പ്രവേശനമാനദണ്ഡങ്ങളിലെ സാമ്യം, പാഠ്യകാലയളവുകൾ തമ്മിലുള്ള സാമ്യം, എന്നിവ പാലിക്കപ്പെടുന്നുണ്ടെങ്കിലും കോഴ്സുകൾ/പേപ്പറുകൾ/വൈവ/പ്രോജക്റ്റ് എന്നിവയുടെ എണ്ണത്തിലുള്ള സാമ്യം, സിലബസുകൾ തമ്മിലുള്ള 70% സമാനത എന്നീ മാനദണ്ഡങ്ങൾ പാലിക്കപ്പെടാത്തതിനാൽ ഈ രണ്ടു

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

കോഴ്സുകൾക്കും തുല്യത നൽകാനാവില്ലെന്ന് ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് (കോമേഴ്സ് പി.ജി.) നിരീക്ഷിച്ചു. ഡീൻ, ഫാക്കൽറ്റി ഓഫ് കോമേഴ്സ്, മേൽ പറഞ്ഞ നിരീക്ഷണങ്ങളോട് യോജിച്ചു. (പരാമർശം 4,5).

3) ബഹു: വൈസ് ചാൻസിലറുടെ 23.01.2021 ലെ ഉത്തരവ് പ്രകാരം അക്കാദമിക് കൗൺസിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും സൂചന (6) പ്രകാരം അണ്ണാമലൈ യൂണിവേഴ്സിറ്റി, തമിഴ്നാട് അവാർഡ് ചെയ്ത Master of Commerce in Accounting & Finance (Distance Education) ബിരുദം മഹാത്മാഗാന്ധി സർവകലാശാലയുടെ Master of Commerce ബിരുദത്തിനു തുല്യമായി അംഗീകരിക്കേണ്ടതില്ലെന്നും എന്നാൽ മഹാത്മാഗാന്ധി സർവകലാശാലയിൽ Master of Commerce അടിസ്ഥാന യോഗ്യതയായി വരുന്ന ഉപരിപഠന കോഴ്സുകൾക്ക് ചേരുന്നതിനുള്ള യോഗ്യതയായി പ്രസ്തുത ബിരുദം അംഗീകരിക്കുവാനും തീരുമാനിച്ചു.

4) തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) ശ്രീമതി. ജയലക്ഷ്മി V.M
2) പ്രൈവറ്റ് സെക്രട്ടറി (വി.സി./പി.വി.സി.)
3) രജിസ്ട്രാറുടെ പി.എ.
4)ജെ.ആർ. II (ഭരണവിഭാഗം)
5)എ.ആർ. III /ഡി.ആർ II (അക്കാദമിക വിഭാഗം)
6)എ.സി.സി. II സെക്ഷൻ
7)കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
8)ഐ.ക്യു.എ.സി.
9)കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File AcD/01/44334/CR/2020 Approved by ASSISTANT REGISTRAR III (ACADEMIC) on 18-Jun-2021 03:28 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം